പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 258

# 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 258

# 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

787/2025.

# 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1994-ലെ കേരള പഞ്ചായത്ത് രാജ്
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള
ഒരു
ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 34-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 34-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എം) ഖണ്ഡം ഒഴിവാക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 34-ാം വകുപ്പ് പഞ്ചായത്ത് സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്നതിനോ അംഗമായി തുടരുന്നതിനോ ഉള്ള അയോഗ്യതകൾ സ്പഷ്ടമാക്കുന്നു. പ്രസ്തുത വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എം) ഖണ്ഡത്തിൽ 'ബധിര മൂകൻ' അയോഗ്യതാ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്നു. The Rights of Persons with Disabilities Act, 2016 (2016-ലെ 49-ാം കേന്ദ്ര ആക്റ്റ്) എന്ന കേന്ദ്ര നിയമത്തിലെ 3-ാം വകുപ്പിൽ "The appropriate Government shall ensure that the persons with disabilities enjoy the right to equality......." എന്നും "No person with disability shall be discriminated on the ground of disability....." എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

2. തമിഴ്നാട്, ഒഡിഷ തുടങ്ങിയ സംസ്ഥാനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ മേൽപ്രസ്താവിച്ച അയോഗ്യത ഒഴിവാക്കുന്ന ഭേദഗതി നിയമം പാസ്സാക്കിയിട്ടുണ്ട്.

3. 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് 2021-ൽ പുറത്തിറക്കിയ കണക്കുകൾ പ്രകാരം കേരളത്തിലെ ആകെ ജനസംഖ്യയുടെ 2.28 ശതമാനം (761843 പേർ) ഭിന്നശേഷിക്കാരുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ആയതിനാൽ ഇന്ത്യൻ ഭരണഘടന അനുച്ഛേദം 14 നൽകുന്ന അവകാശം ഉറപ്പാക്കുന്നതിനും മേൽപ്പറഞ്ഞ കേന്ദ്ര നിയമത്തിലെ 3-ാം വകുപ്പ് തദ്ദേശ സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നതിനും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 34-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ ഉൾപ്പെട്ട (എം) ഖണ്ഡം ഒഴിവാക്കാവുന്നതാണ്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. എൻ. ജയരാജ്., എം.എൽ.എ.

# 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ.
## (1994 - ലെ 13)

** ** ** **

34. സ്ഥാനാർത്ഥികളുടെ അയോഗ്യത.- (1)- ഒരാൾ ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായി തുടരുന്നതിനോ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ അയോഗ്യനായിരിക്കുന്നതാണ്,—

** ** ** **

(എം) ഒരു ബധിര മൂകൻ ആണെങ്കിൽ;

** ** ** **